**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 141    12/07/2016 -ൽ മറുപടിയ്ക്ക്

# സുഗന്ധവ്യഞ്ജന വിളകളുടെ ഉല്പാദനം

ചോദ്യം

**ശ്രീ.റോഷി അഗസ്റ്റിൻ**
**,, മോൻസ് ജോസഫ്**
**,, സി.എഫ്.തോമസ്**
**ഡോ.എൻ. ജയരാജ്**

എ) സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയിൽ സുഗന്ധവ്യഞ്ജന വിളകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് സുഗന്ധവ്യഞ്ജന വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന കർമ്മ പരിപാടികൾ ആവിഷ്കരിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

മറുപടി

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ഉണ്ട്. സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയിൽ സുഗന്ധവ്യഞ്ജന വിളകളുടെ പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിലെ പ്രധാന സുഗന്ധവ്യഞ്ജന വിളയായ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഉല്പാദനം മെച്ചപ്പെടുത്തുന്നതിനും, ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നല്ലയിനം കുരുമുളകിന്റെ വില, വിസ്തൃതി, വ്യാപനം , ലഭ്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി വികേന്ദ്രീകരണ നേഴ്സറികൾ, വയനാട് പാക്കേജ് പദ്ധതി പ്രകാരം വയനാട് ജില്ലയിലെ സമഗ്ര കുരുമുളക് കൃഷി വികസന പദ്ധതി, സുഗന്ധവിളകളായ കുരുമുളക്, ജാതി, ഇഞ്ചി മുതലായവയിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി, ഇഞ്ചി, ഗ്രാമ്പു, ജാതി തുടങ്ങിയ സുഗന്ധവിളകളുടെ ഉല്പാദന വർദ്ധനവിനുള്ള പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | നിലവിൽ പ്രസ്തുത കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | ബി) | അന്താരാഷ്ട്ര വിപണിക്ക് അനുസരിച്ചും ഉല്പാദനത്തിലെ ഏറ്റക്കുറവ് അനുസരിച്ചും വിപണി വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി. കൂടാതെ മാർച്ച് / ഏപ്രിൽ മാസത്തെ കടുത്ത വരൾച്ചയും, ജൂൺ മാസത്തിലുണ്ടായ കനത്ത മഴയും (കാലാവസ്ഥ വ്യതിയാനം) സുഗന്ധവ്യഞ്ജന വിളകളിലൊന്നായ ഏലത്തിന്റെ വിളവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ